# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5077 23.03.2018 -ലെ മറുപടി

**ജലസുരക്ഷയ്ക്ക് മാസ്റ്റർ പ്ലാൻ**

**ചോദ്യം**

**ശ്രീ.പി.സി.ജോർജ്**

**മറുപടി**

**മാത്യു ടി. തോമസ്**

**(ജലവിഭവ വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) | ജലസുരക്ഷയ്ക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | എ) | 'നീർത്തട പ്ലാൻ' തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഓരോ പ്രദേശത്തെയും ജലസുരക്ഷ ഉറപ്പാക്കുന്നതിന് അതാത് പ്രദേശത്ത് ലഭ്യമാകുന്ന മഴവെള്ളം പരമാവധി സംരക്ഷിക്കുകയും അതോടൊപ്പം ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിന് സമഗ്ര നീർത്തടാധിഷ്ഠിത പദ്ധതികൾ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനത്തോടെ നടപ്പിലാക്കേണ്ടതുണ്ട്. ഇതിനുള്ള ശ്രമം ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജല സംരക്ഷണം ജലസമൃദ്ധിയുടെ ഭാഗമായി ആരംഭിച്ചു. ഗ്രാമ പഞ്ചായത്ത് തലത്തിൽ നീർത്തട പ്ലാനുകളും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നീർത്തട മാസ്റ്റർ പ്ലാനുകളും തയ്യാറാക്കുന്നതിനും ജില്ലാ തലത്തിൽ ഇവ പരിശോധിക്കുന്നതിനുള്ള സാങ്കേതിക സമിതികൾ അനുമതിയോടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ രൂപപ്പെടുത്തുന്ന നീർത്തട പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ എന്നിവ ഏകോപിപ്പിച്ച് ജനപങ്കാളിത്തത്തോടെ നിർവ്വഹിക്കും. |
| ബി) | ഒരു നിശ്ചിത സ്ക്വയർ ഫീറ്റിന് മുകളിലുള്ള എല്ലാവിധ വാസഗൃഹ/ കോമേഴ്സൽ കെട്ടിടങ്ങളുടെയും പരിസരത്ത് മഴക്കുഴി നിർബന്ധിത മായി നിർമ്മിക്കണമെന്നുള്ളതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് വരൾച്ചയെ നേരിടാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ബി) യും സി) യും | ഇത് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിധിയിൽ വരുന്നതാണ്. |
| സി) | ഇതിനെ സംബന്ധിച്ച് നിലവിൽ എന്തെങ്കിലും ഉത്തരവുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**